**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3138

15.02.2013 ൽ
മറുപടിയ്ക്ക്

**കൊരട്ടിയിൽ പുതിയ മാവേലി സ്റ്റോറുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി : | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| കൊരട്ടി പഞ്ചായത്തിലെ വാലുങ്ങാമുറിയിലും, മേലൂർ പഞ്ചായത്തിലെ അടിച്ചിലിയിലും മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | നിലവിൽ സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്കാണ് ഇപ്പോൾ സപ്ലൈകോ മുൻഗണന നൽകി വരുന്നത്. ചാലക്കുടി നിയോജകമണ്ഡലത്തിൽപ്പെട്ട കൊരട്ടി പഞ്ചായത്തിൽ കൊരട്ടിയിൽ ഒരു സൂപ്പർ മാർക്കറ്റും മേലൂർ പഞ്ചായത്തിലെ മേലൂരിൽ ഒരു മാവേലി സ്റ്റോറും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ സപ്ലൈകോ ഔട്ട്ലെറ്റ് പ്രവർത്തിക്കുന്നതായ പഞ്ചായത്തിൽ രണ്ടാമത് ഒരു ഔട്ട്ലെറ്റ് ആരംഭിക്കുന്നതിന് അവിടത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സപ്ലൈകോയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ 500 ച.അടിയിൽ കുറയാത്ത വാടക രഹിത കെട്ടിടവും (സ്റ്റോർ പ്രവർത്തിക്കുന്ന കാലത്തോളം) കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ഫർണിഷിംഗ് എന്നിവയ്ക്കായി 1 ലക്ഷം രൂപയും നൽകാൻ തയ്യാറാകുന്ന മുറയ്ക്ക് സാദ്ധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹികമായും വാണിജ്യപരമായും ഗുണകരമാണെന്ന് കണ്ടാൽ പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Beenan

സെക്ഷൻ ഓഫീസർ

ഉ//